Monthly Price Rs. 4/- March 2009

# ബൈബിൾ ട്രൂത്ത്

“ദൈവ വചനം എന്ന
ആത്മാവിന്റെ വാൾ...
എടുക്കുക”

THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ 3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ 11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ 2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 23** **March 2009** **No.12**


# എഡിറ്റോറിയൽ

ദൈവിക നിലവാരം ആളുകളുടെ ജീവിതത്തിൽ ദൈവം കാണുവാൻ ആഗ്രഹിച്ചു ഭൂമിയിലാക്കിയതായ മനുഷ്യർ ആ മൂല്യത്തെ ത്യജിച്ചതായി കാണപ്പെടുന്നു. ഒരു പുതിയ സമൂഹത്തെ സൃഷ്ടിച്ചെടുക്കുവാനുള്ള അവന്റെ പദ്ധതിയെ പിശാച് മറിച്ചുകളഞ്ഞിരിക്കയാണ്. പിശാച് അദൃശ്യമായിട്ടാണ് പ്രവർത്തിക്കുന്നത്. അതു പലർക്കും അറിയില്ല. സാത്താൻ ശക്തമായിട്ടാണ് ലോകത്തിൽ പ്രവർത്തിക്കുന്നത്. പല രീതികളിലും ഭാവത്തിലുമാണ് ദുഷ്ട ശക്തി പ്രവർത്തിക്കുന്നത്. മനുഷ്യരെ നശിപ്പിക്കുക എന്നതാണ് പിശാചിന്റെ ലക്ഷ്യം. എന്തുകൊണ്ടാണ് അനേകം ആളുകൾ നാശയോഗ്യമായ പ്രവൃത്തികൾ ചെയ്യുന്നത്? അവർ പിശാചിനു അടിമപ്പെട്ടതുകൊണ്ടാണ്. പ്രലോഭനങ്ങൾ നല്കി ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന സ്വഭാവമാണ് പിശാചിന്റേത്. ഉപായം സാത്താന്റെ ആയുധമാണ്. ബലഹീന പാത്രങ്ങളിലാണ് അവൻ പെട്ടെന്നു കയറി പറ്റുന്നത്. ഉദാഹരണത്തിനു ആദ്യ സ്ത്രീ ഹവ്വയിൽ അവൻ കടന്നുകൂടി അവളെ സ്വാധീനിച്ചു ദൈവം വിലക്കിയ ഫലം തിന്നാൽ ദൈവത്തെ പോലെ ആകും എന്ന തെറ്റായ പ്രലോഭനം നല്കി. അവൾ ആ വ്യാജം വിശ്വസിച്ചു. അതു വഞ്ചനയാണെന്നു അവൾ തിരിച്ചറിഞ്ഞില്ല. ദൈവത്തിന്റെ കല്പനയാണ് സത്യമെന്നും മറ്റെല്ലാം ഭോഷ്ക്കാണ് എന്നും അവൾക്കു വിശ്വസിക്കാമായിരുന്നു. പക്ഷെ അവൾ കബളിപ്പിക്കപ്പെട്ടു. പലരും ഇന്നു ഇത്തരത്തിൽ വഞ്ചിക്കപ്പെടുകയാണ്. ദൈവ

ത്തിനു കീഴ്പ്പെടാതിരിക്കുന്നതുകൊണ്ടാണ് ആളുകൾ പിശാചിനു കീഴ്പ്പെടുന്നത്.

അവിശ്വാസികളുടെ മനസ്സ് ഈ ലോകത്തിന്റെ ദൈവം കുരുടാക്കി വെച്ചിരിക്കയാണ്. അതായതു ശരിയായ ചിന്താശക്തിയില്ലാതാക്കിയിരിക്കയാണ് എന്നർത്ഥം. അവിശ്വാസമുള്ളവരുടെ ചിന്തയാണ് വഴിതെറ്റി സഞ്ചരിക്കുന്നത്. നമ്മുടെ ചിന്ത തെറ്റായാൽ സ്വഭാവവും പ്രവൃത്തിയും തെറ്റിപ്പോകും. അതുകൊണ്ടാണ് നമ്മുടെ ചിന്ത ഉയരത്തിലുള്ളതായിരിക്കണം എന്നു തിരുവെഴുത്തിൽ മുന്നറിയിച്ചിരിക്കുന്നത്. ആളുകൾ ദുഷ്പ്രവൃത്തികൾ പ്രവർത്തിക്കുന്നത് സാത്താന്റെ പ്രേരണയാലാണ്. അതിമോഹം, ദുർമ്മോഹം എന്നിവ ജനങ്ങളിലുണ്ടാക്കി അതു നിറവേറ്റുവാൻ അവരെക്കൊണ്ടു പാപം ചെയ്യിക്കുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപത്തിന്റെ അനന്തരഫലം മരണവുമാകുന്നു. അപവാദിയാണ് സാത്താൻ. തെറ്റായ രീതിയിൽ ആളുകളെ കുറിച്ചു സംസാരിക്കുന്നതു അപവാദമാണ്. കുറ്റാരോപണം പിശാചിന്റെ തന്ത്രമാണ്. ഒരാൾ മറ്റൊരാളിൽ കുറ്റം ആരോപിക്കുമ്പോൾ ആരോപിക്കപ്പെടുന്ന ആളുടെ വീര്യം നഷ്ടപ്പെടുത്തുന്നു. നമ്മെക്കുറിച്ച് ആരെങ്കിലും അകാരണമായി ആരോപണം ഉന്നയിക്കുമ്പോൾ നമുക്കു വിഷമം ഉണ്ടാകും. നമ്മുടെ ക്രിയാത്മക ശേഷി നാം ഉപയോഗിക്കാതിരിക്കും. നമ്മെ അതു നിരുത്സാഹപ്പെടുത്തും. മനസിനു കട്ടിയില്ലാത്ത ചിലർ അപവാദം നിമിത്തം ആത്മഹത്യ ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് സാത്താനെ കുലപാതകി എന്നു വിളിച്ചിരിക്കുന്നത്. അവൻ ആദിമുതൽ കുലപാതകിയാണ്. മനുഷ്യർ അന്യോന്യം കുലപാതകം നടത്തിക്കൊണ്ടിരിക്കുന്നത് ഇന്നും നിർത്തിയിട്ടില്ല. പക നിമിത്തം ആകാം, വഞ്ചനയോ ചതിയോ നിമിത്തം ആകാം. എന്തുകൊണ്ടായാലും കുലപാതകം ദൈവം വിലക്കിയിരിക്കുന്ന പ്രവൃത്തിയാണ്.

ഈ ലോകത്തെ സാത്താൻ തന്റെ നിയന്ത്രണത്തിലാക്കിയിരിക്കുന്നു. ലൗകിക ഭ്രമമാണ് മനുഷ്യരെ പല തെറ്റുകളും ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്. നമ്മെ പരീക്ഷണത്തിൽ കുടുക്കുകയാണ് പിശാച്. യേശുക്രിസ്തു നാല്പതു രാവും നാല്പതു പകലും ഉപവസിച്ചു കഴിഞ്ഞപ്പോൾ പരീക്ഷകൻ അവന്റെ അടുക്കൽ വന്നു. കല്ല് അപ്പമാക്കി ഭക്ഷിപ്പാൻ പറഞ്ഞു. പക്ഷെ യേശു മറുപടി പറഞ്ഞത്, മനു

ഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു എന്നാണ്. പരീക്ഷണം വരുമ്പോൾ നാം ദൈവവചന പ്രകാരം വേണം അതിനെ നേരിടുവാൻ. ദൈവപുത്രനായ യേശുവിനെ അവൻ പരീക്ഷിച്ചതു കൊണ്ട് നമ്മെയും പരീക്ഷിക്കും. പക്ഷെ നാം പാപത്തിന് ഇരയായി തീർരുത്. കോപിച്ചാൽ പാപം ചെയ്യാതെ നോക്കണം. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മൂന്നു വിധത്തിലാണ് ആളുകൾ പാപത്തിനിരയായി തീരുന്നത്. ജഡത്തിന്റെ ഇച്ഛ നമ്മെ തെറ്റു ചെയ്യിപ്പിക്കും. ജഡത്തിന്റെ ചിന്ത മരണവും ആത്മാവിന്റെ ചിന്ത നിത്യജീവനും ആകുന്നു. കണ്ണിനു കൗതുകം ജനിപ്പിക്കുന്നതു കാണുവാനുള്ള വ്യഗ്രത നിമിത്തം അതു നിറവേറ്റുവാൻ ചെയ്യുന്നതു പാപമായി തീരുന്നു. ജീവിതം ഭൗതികമായി ഉയരണം എന്ന ചിന്ത പ്രതാപത്തിനായി ദാഹിക്കും. അതു നമ്മെ ദോഷത്തിലേക്കു നയിക്കും.

അതുകൊണ്ട് എങ്ങനെ ഇതിൽ നിന്നു മോചിക്കപ്പെട്ടാം എന്നറിയണം. ആദ്യമായി ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കണം. ദൈവത്തിനു നമ്മെത്തന്നെ കീഴ്പ്പെടുത്തണം. അതോടൊപ്പം ദൈവവചനത്താൽ തന്നെ പിശാചിനോടു എതിരിടണം. പ്രാർത്ഥനയിൽ നാം ദുഷ്ടനിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനു ദൈവത്തോടു പ്രാർത്ഥിക്കയും വേണം. ദൈവസഹായം ഇല്ലാതെ നമുക്കു സാത്താനോടു പോരാടുവാൻ സാദ്ധ്യമല്ല. ദുസ്വഭാവങ്ങൾ ഒന്നും തന്നെ നമ്മെ കീഴ്പ്പെടുത്തുവാൻ അനുവദിക്കാതിരിക്കുക.

✶

# കർത്താവിന്റെ സഭയെ കണ്ടെത്തൽ

## J.C. ചോട്ട്

തിരുവചന സത്യം കേട്ടു മനസ്സിലാക്കി അത് അനുസരിച്ച് ജീവിക്കുന്ന ഒരാൾക്കു ജോലിയുണ്ടെങ്കിൽ അയാൾക്കു ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കു മാറിപോകേണ്ടി വരുന്നതു സാധാ

രണ സംഭവമാണ്. അതൊഴിവാക്കാൻ പലപ്പോഴും കഴിയാറില്ല എന്നു നമുക്ക് അറിയാം. ഒരു പട്ടണത്തിൽ കർത്താവിന്റെ സഭയിൽ അംഗമായി തീർന്ന ഒരു വ്യക്തിക്കും ചിലപ്പോൾ ഒരു കുടുംബത്തിനു മുഴുവനുമോ ഇങ്ങനെ മാറേണ്ടിവന്നേക്കാം. വളരെക്കാലം കർത്താവിന്റെ സഭയിലെ ഒരു ഇടവകയിൽ വിശ്വസ്തരായി ജീവിച്ചവർക്കു ഇങ്ങനെ ഒരവസ്ഥ ഉണ്ടാകുമ്പോൾ, ചെല്ലുന്ന സ്ഥലത്തു കർത്താവിന്റെ സഭയുടെ ഇടവക കണ്ടെത്താൻ പ്രയാസമുണ്ടാകയില്ല; അതിൽ തെറ്റു പറ്റുകയുമില്ല. എന്നാൽ പുതുതായി പരിവർത്തനം ചെയ്യപ്പെട്ട അംഗങ്ങളാണെങ്കിൽ അവർക്കു ചില പ്രശ്നങ്ങൾ നേരിടാറുണ്ട്. തിരുവെഴുത്തിനെക്കുറിച്ച്, സഭയെക്കുറിച്ച്, സഭയെ തിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ കണ്ടെത്തൽ എന്നിവയെ കുറിച്ച് അവർക്കുള്ള പരിജ്ഞാനത്തെ ആസ്പദമാക്കിയിരിക്കും അതു.

ഉദാഹരണമായി നിങ്ങൾ ഒരു പട്ടണത്തിൽ നിന്നോ, സ്ഥലത്തു നിന്നോ മറ്റൊന്നിലേക്കു മാറുവാൻ നിശ്ചയിച്ചു കഴിഞ്ഞു എന്നു വിചാരിക്കുക. അവിടെ ചെന്നാൽ ഉടനെ തന്നെ അവിടെ കർത്താവിന്റെ സഭ കൂടി വരുന്നതു എവിടെയാണെന്ന് കണ്ടെത്താൻ ഉടനെ ശ്രമം നടത്തും. കണ്ടെത്തിയാൽ അവരുമായി കൂട്ടായ്മയും പ്രാർത്ഥനയും കഴിച്ചു പോരുകയും അവരൊന്നിച്ച് ആരാധിക്കുകയും ചെയ്യും. ചിലപ്പോൾ നിങ്ങൾ വിട്ടുപോകുന്ന ഇടവക, ചെല്ലുന്ന സ്ഥലത്തെ സഭയുടെ വിലാസവും മറ്റും തന്നു വിട്ടേക്കാം. അങ്ങനെയെങ്കിൽ ആ ഇടവക കണ്ടുപിടിക്കുവാനും എളുപ്പമാണ്. എന്തെങ്കിലും കാരണത്താൽ അത്തരം വിവരങ്ങൾ ലഭിക്കാതെ പോയാൽ നിങ്ങൾ സ്വയമായി അതു കണ്ടുപിടിച്ച് ആ സഹോദരന്മാരുമായി ആത്മിയ ബന്ധം സ്ഥാപിക്കാവുന്നതാണ്. വിശ്വാസത്തിൽ ആരംഭം കുറിച്ച ഒരു വ്യക്തിയാണെങ്കിൽ ഈ കാര്യത്തിൽ പ്രശ്നങ്ങൾ നേരിടാം.

ഇതുപോലുള്ള സാഹചര്യം നിങ്ങൾക്കു നേരിട്ടിട്ടുണ്ടോ? അതായതു മറ്റേതെങ്കിലും സ്ഥലത്തു ചെന്ന് കർത്താവിന്റെ സഭയുടെ ഇടവക ഏതെന്ന് തിരിച്ചറിയാൻ നിങ്ങൾ നോക്കി നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ അടയാളങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കുക.

1. അതു വചന പ്രകാരമുള്ള ഒരു പേർ ധരിച്ചിരിക്കും. അതിന്റെ

അർത്ഥം കർത്താവിന്റെ സഭയെ ബൈബിളിൽ അറിയപ്പെട്ടിരുന്നതുപോലെ ക്രിസ്തുവിന്റെ സഭ (റോമർ 16:16), ദൈവസഭ (പ്രവൃത്തി 20:28) അല്ലെങ്കിൽ തിരുവെഴുത്തിൽ സൂചിപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും പേരിൽ അറിയപ്പെടണം. ലോകം മുഴുവൻ സഭയെ അറിയപ്പെടുന്നതു "ക്രിസ്തുവിന്റെ സഭ" എന്ന പേരിലാണ്. ആ പേർ ഉപയോഗിക്കാൻ കാരണം: ഒന്ന് അതു വേദപുസ്തക പേരാണ്. മറ്റൊന്ന്, ലോകത്തിൽ ഉള്ളവർക്കു തെറ്റുപറ്റാതിരിക്കാനാണ്. ഇന്നു ലോകത്തിൽ മതപരമായ സംഘടനകൾ എല്ലാം വിവിധങ്ങളായ പേരിൽ അറിയപ്പെടുന്നതുപോലെ കർത്താവിന്റെ സഭ ഓരോ സ്ഥലത്തും ഓരോ പേരിൽ അറിയപ്പെട്ടാൽ അതു കലക്കത്തിലാകും. വചനത്തിലുള്ള പേർ ധരിച്ചിരിക്കുന്ന ഒരു ഇടവക മറ്റൊരു സ്ഥലത്തുള്ള വേറൊരു നാമം വചനത്തിലുള്ളതു തന്നെ ധരിച്ചിരിക്കുന്നതുകൊണ്ട് കൂട്ടായ്മ ആചരിക്കുമെന്ന് ഒരാൾക്കു അറിയാൻ കഴിഞ്ഞെന്നു വരികയില്ല. നാമധേയ വിഭാഗങ്ങളിൽ ചിലതു തിരുവചന നാമങ്ങൾ ഉപയോഗിക്കുന്നുണ്ട്.[1] അതുകൊണ്ട് അതു കർത്താവിന്റെ സഭയാകുന്നില്ല. പേരു മാത്രം വചനത്തിൽ നിന്ന് എടുക്കയും ഉപദേശങ്ങളും ആചാരങ്ങളും വ്യത്യസ്ഥമായിരിക്കയും ചെയ്താൽ അതു കർത്താവിന്റേതാകയില്ല.

2. അതിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്നു മാത്രം അറിയപ്പെടും. അവർ ഒരിക്കലും അത്തരം ക്രിസ്ത്യാനി എന്നോ ഇത്തരം ക്രിസ്ത്യാനിയെന്നോ അറിയപ്പെടുകയില്ല. ക്രിസ്ത്യാനി എന്ന പേരിനു മുമ്പോ പിമ്പോ മാനുഷിക നാമം അവർ എടുക്കുകയില്ല. രക്ഷ ക്രിസ്തുവിന്റെ നാമത്തിലാണ് എന്ന് നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (പ്രവൃത്തി 4:12). പിന്നീട് കർത്താവിനെ അനുസരിച്ച് അവനെ പിൻപറ്റിയവരെല്ലാം തന്നെ ക്രിസ്ത്യാനികൾ എന്ന പേരിൽ മാത്രമാണ് അറിയപ്പെട്ടിരുന്നതെന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃത്തി 11:26; 26:28; 1 പത്രൊസ് 4:16).

3. കർത്താവിന്റെ സഭ, ക്രിസ്തുവിന്റെ സഭ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആരാധിക്കുവാൻ കൂടി വരണം (പ്രവൃത്തി 20:7). അംഗങ്ങൾ ആരാധിക്കേണ്ടതു: പ്രാർത്ഥിക്കുകയും (പ്രവൃത്തി 2:42), ദൈവവചനം പഠിക്കുകയും (2 തിമൊഥെയോസ് 2:15; പ്രവൃത്തി 20:7), ആത്മിയ ഗീതങ്ങളാൽ ദൈവത്തിനു പുകഴ്ച്ച അർപ്പിക്കുകയും

(എഫെസ്യർ 5:19; കൊലൊസ്യർ 3:16), ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കർത്തൃമേശയിൽ നിന്നു ഭക്ഷിക്കുകയും (പ്രവൃത്തി 20:7; മത്തായി 26:26–28; 1 കൊരിന്ത്യർ 11:23–29), അവർക്കുള്ള പണം നല്കുകയും വേണം (1 കൊരിന്ത്യർ 16:1–2). ഇതെല്ലാം ചെയ്തിട്ട് പാട്ടു പാടുമ്പോൾ ഉപകരണങ്ങൾ ഉപയോഗിച്ചാൽ അതു കർത്താവിന്റെ സഭയാകുന്നില്ല. അല്ലെങ്കിൽ, കർത്തൃമേശ ഇല്ലാതിരുന്നാലും ആ ഇടവക കർത്താവിന്റേതല്ല എന്ന് ഉറപ്പിക്കാം.

4. എന്നിട്ടും നിങ്ങൾക്കു ഈ ഇടവക കർത്താവിന്റേതെന്ന് സംശയമുണ്ടെങ്കിൽ ചില ചോദ്യങ്ങൾ അവരോട് ചോദിക്കാം. അപ്പോൾ കാര്യങ്ങൾ കുറച്ചുകൂടെ വ്യക്തമാകും. ഈ സഭയുടെ ആരംഭം എപ്പോഴാണെന്ന് ചോദിക്കുക. കർത്താവിന്റെ സഭയാണെങ്കിൽ അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ വിവരിക്കുന്നതു അനുസരിച്ച് ഏതാണ്ട് ഏ.ഡി. 33–ൽ എന്നു മറുപടി പറയും. വീണ്ടും, സഭയുടെ ആരംഭം എവിടെയായിരുന്നു എന്നു ചോദിക്കുക. യെരുശലേമിൽ ആയിരുന്നു എന്ന് ഉത്തരം പറഞ്ഞാൽ അതു ബൈബിളിൽ പറയുന്നതുപോലെയുള്ള കർത്താവിന്റെ സഭയെന്ന് (അപ്പൊസ്തല പ്രവൃത്തികൾ 2) ഉറപ്പുവരുത്താം. ഒരാൾ എങ്ങനെ ആ സഭയിൽ അംഗമായി തീരുന്നു എന്നു കൂടെ ചോദിക്കണം. ശരിയായ ഉത്തരം, ദൈവത്തിലും ദൈവപുത്രനായ ക്രിസ്തുവിലും ഒരാൾ വിശ്വസിച്ച് (എബ്രായർ 11:6; യോഹന്നാൻ 3:16); തന്റെ പാപങ്ങളിൽ നിന്നും മാനസാന്തരപ്പെട്ട് (ലൂക്കൊസ് 13:3; പ്രവൃത്തി 17:30), യേശുക്രിസ്തു ദൈവപുത്രനാണെന്ന് വായ്കൊണ്ട് ഏറ്റു പറഞ്ഞ് (റോമർ 10:10; മത്തായി 10:32), പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണം (പ്രവൃത്തി 2:38; മർക്കൊസ് 16:16), അപ്പോൾ കർത്താവ് ആ വ്യക്തിയെ രക്ഷിക്കുകയും തന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നു (പ്രവൃത്തി 2:47) എന്നതായിരിക്കും.

5. ഉപദേഷ്ടാവ് ളോഹ ധരിക്കുകയോ പാസ്റ്റർ എന്നോ റെവറന്റ് എന്നോ വിളിക്കപ്പെടുന്നുവെങ്കിൽ നിങ്ങൾക്ക് അറിയാം ആ ഇടവക കർത്താവിന്റെ സഭയല്ല എന്ന്. കാരണം അതെല്ലാം ബൈബിളിനു അന്യമാണ് (2 തിമൊഥെയോസ് 3, തിത്തൊസ് 1; സങ്കീർത്തനം 11:9).

6. ഇന്നു പരിശുദ്ധാത്മ സ്നാനം ഉണ്ടെന്നും അത്ഭുതങ്ങളും

അടയാളങ്ങളും ചെയ്യാൻ കഴിയുമെന്നും അന്യഭാഷയിൽ അത്ഭുതകരമായി സംസാരിക്കുമെന്നും ഒരു ഉപദേഷ്ടാവ് അവകാശപ്പെട്ടാൽ അതു പെന്തെക്കൊസ്തു സഭാവിഭാഗത്തിൽ പെട്ട ഒന്നാണ്; കർത്താവിന്റെ സഭയല്ല എന്നു സ്പഷ്ടം. സകല സൽപ്രവൃത്തിയിലും നമ്മെ തികഞ്ഞവരാക്കുന്ന ഒന്നാണ് വചനം (2 തിമൊഥെയോസ് 3:16-17). പുതിയ നിയമ കാലയളവിൽ അത്ഭുതങ്ങളും അടയാളങ്ങളും അന്യഭാഷയിലുള്ള സംസാരവും നടന്നിരുന്നു. വചനം പൂർണ്ണമായി എഴുതപ്പെടുന്നതുവരെ അതു ആവശ്യവുമായിരുന്നു. എന്നാൽ എപ്പോൾ വചനം എല്ലാം എഴുതപ്പെട്ടു കഴിഞ്ഞുവോ അപ്പോൾ അതെല്ലാം നിന്നുപോകുമെന്ന് ദൈവം തന്നെ അരുളിച്ചെയ്തിരിക്കുന്നു.

സഭയെ സംബന്ധിച്ച് പരിഗണിക്കുമ്പോൾ അതു കർത്താവിന്റേതു തന്നെയോ എന്നു തീരുമാനിക്കുവാൻ ഏതാനും നിഷേധാത്മകവും ക്രിയാത്മകവുമായ അടയാളങ്ങളാണ് മുകളിൽ പ്രതിപാദിച്ചതു. നമുക്ക് അറിയാം ലോകത്തിൽ ധാരാളം സഭകളുണ്ട് എന്ന്. ചിലതു ഏതാണ്ട് സഭയോടു അടുത്തു വരുന്നതും മറ്റു പലതും വളരെ അകന്നു നില്ക്കുന്നതുമാകുന്നു. പക്ഷെ സത്യത്തോട് അടുത്തു വന്നാൽ മാത്രം പോരാ എന്നു നാം തിരിച്ചറിയണം. നാം വളരെ ശ്രദ്ധിക്കേണ്ട ഒന്നാണ് സഭ; കർത്താവ്, തന്റേതെന്ന് അംഗീകരിക്കാത്ത ഒരു കൂട്ടത്തിൽ ഉൾപ്പെട്ട് നാം വഞ്ചിക്കപ്പെടാൻ അനുവദിക്കരുത്.

ക്രിസ്തുവിന്റെ സഭയിലുള്ള ഞങ്ങൾ ഞങ്ങളെത്തന്നെ ഉയർത്തി കാണിക്കുവാനോ നിങ്ങളേക്കാൾ ഞങ്ങൾ ഉത്തമന്മാർ എന്നു വരുത്തി തീർക്കാൻ ശ്രമിക്കുകയോ അല്ല ചെയ്യുന്നതു. മനുഷ്യരായ നാം ഒന്നുകിൽ ക്രിസ്തുവിനുള്ളവർ ആകും അല്ലെങ്കിൽ അല്ലാതാകും. ക്രിസ്തു, തന്റെ സഭ പണിയുമെന്ന് പറഞ്ഞു (മത്തായി 16:18); പെന്തെകൊസ്തുനാളിൽ അവൻ അതു പണിതു (പ്രവൃത്തി 2); അവൻ തന്നെയാണ് സഭയുടെ തലയും (കൊലൊസ്സ്യർ 1:18), രക്ഷിതാവും (എഫെസ്യർ 5:23). ആ സഭക്കുവേണ്ടി അവൻ മരിച്ചു തന്റെ രക്തം കൊടുത്തു വിലക്കു വാങ്ങിയതാണ് അതു (പ്രവൃത്തി 20:28). കർത്താവിന് ഏകശരീരം അഥവാ സഭയാണ് ഉള്ളതു (എഫെസ്യർ 4:4, എഫെസ്യർ 1:22-23). തന്റെ പേർ ധരിച്ചിരിക്കുന്ന

ആ ഏക സഭയെ സ്വീകരിപ്പാനാണ് കർത്താവ് വീണ്ടും വരുന്നതു. അവരെ അവൻ വന്ന് സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകയും ചെയ്യും (എഫെസ്യർ 5:23–27). ആകയാൽ ബൈബിളിൽ വായിക്കുന്ന പ്രകാരം നാം ക്രിസ്ത്യാനികൾ ആകേണ്ടതും വിശ്വസ്ഥരായി അവനെ തന്റെ സഭയിൽ ആരാധിക്കേണ്ടതും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. നാം ഏതെങ്കിലും സഭയിൽ എന്തെങ്കിലും ചെയ്തു ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിക്കരുതു. അതു ദൈവവ്യവസ്ഥക്കു എതിരാണ്. നാം വേല ചെയ്യേണ്ടതു കർത്താവിന്റെ സഭയിൽ നിലനിന്നു കൊണ്ടായിരിക്കണം. കർത്താവിനെ ആദരിക്കുന്നവർ അവന്റെ സഭയെ ആദരിക്കണം.

അതുകൊണ്ട് നിങ്ങൾ വേറൊരു സ്ഥലത്തേക്കു മാറി പോകുമ്പോൾ അവിടെ കർത്താവിന്റെ സഭയുടെ കൂടി വരവ് തിരിച്ച് അറിയുവാൻ ശ്രമിക്കുമ്പോൾ ശരിയായ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്. പുതിയ നിയമത്തിൽ സഭയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്ന എല്ലാ അടയാളങ്ങളും ഉണ്ടോ എന്ന് നോക്കേണ്ടതാണ്. താരതമ്യ പഠനം കൊണ്ടു മാത്രമെ അതു സാദ്ധ്യമാകു. അങ്ങനെ പൂർണ്ണബോധ്യം വന്നതിനുശേഷമെ ആ സഭയുമായി ബന്ധപ്പെടാവൂ, അവരുമായി ചേർന്നു ആരാധനക്കു പങ്കെടുക്കാവൂ, കർത്താവിന്റെ വേലയിൽ അവരുമായി പങ്കെടുക്കാവൂ. സൗകര്യത്തിനനുസരിച്ച് അടുത്തുള്ള ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതെങ്കിലും ഒരു കൂട്ടവുമായി ചേരരുതു; അതു ശരിയായ സമീപനമല്ല. കർത്താവിന്റെ സഭയുടെ ഒരു കൂടി വരവ് ആ പ്രദേശത്ത് നിങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ വീട്ടിലിരുന്ന് ആരാധിക്കണം. സമാനചിന്താഗതിക്കാരെ കണ്ടെത്തണം, അവരെ പഠിപ്പിക്കണം. അതിനുശേഷം നിങ്ങൾക്കു കർത്താവിന്റെ സഭയുടെ ഒരു ഇടവക ആരംഭിക്കാൻ കഴിയും. ഈ കാര്യത്തിലും മറ്റെല്ലാ കാര്യത്തിലും, നിങ്ങൾ കർത്താവിനോടു സത്യസന്ധത പുലർത്തി ജീവിക്കാൻ അവൻ നിങ്ങളെ സഹായിക്കയും അനുഗ്രഹിക്കയും ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

✶

# പ്രാദേശിക സഭ

**ജാക്കി M.S.**

സുവിശേഷം മാന്യതയോടെ അനുസരിച്ച് അതിനാൽ നയിക്കപ്പെടുന്നവർ പ്രാദേശികമായ സഭക്കു വളരെ ഊന്നൽ കൊടുക്കും. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ, യെരുശലേം, യെഹൂദ്യാ, ശമര്യാ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തും പ്രാദേശിക സഭകൾ ആരംഭിച്ചതായി വിവരിക്കുന്നുണ്ട്. പുതിയ നിയമ ലേഖനങ്ങൾ എഴുതപ്പെട്ടിരിക്കുന്നതു പ്രാദേശിക സഭകളിൽ കൂടെ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വ്യാപ്തിക്കായി പ്രവർത്തിക്കുന്ന വ്യക്തികൾക്കും ഇടവകകൾക്കും ആയിട്ടാണ്.

## പോറ്റുക

ഭൗതിക ശരീരത്തിന്റെ നിലനില്പിനു ആഹാരം ആവശ്യമുള്ളതുപോലെ തന്നെ ആത്മാവിനും ആഹാരം ആവശ്യമാണ്. ആ ആവശ്യം ദൈവം നിറവേറ്റുന്നതു പ്രാദേശിക ഇടവകകളിൽ കൂടെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. വ്യായാമവും നിരന്തര പരിശീലനവും ഒരു ശരീരത്തിന്റെ ആരോഗ്യത്തിനു ആവശ്യമാണ്. ആത്മാവിനെ ശക്തമായി സൂക്ഷിക്കാൻ ദൈവവചന പരിജ്ഞാന പരിശീലനവും അഭ്യാസവും ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് (പ്രവൃത്തി 20:28; എബ്രായർ 5:11–14; ഗലാത്യർ 6:1–10; യാക്കൊബ് 5:19–20).

സുവിശേഷ ശക്തി ഏതെങ്കിലും പ്രദേശത്തുള്ള സഭയിൽ ഇല്ലാതെ വന്നാൽ, അംഗങ്ങൾ വഞ്ചിക്കപ്പെടുകയും ക്രമേണ അതു നാശത്തിലേക്കു പോകയും ചെയ്യുന്നു. ഇതിനു ഉത്തരവാദി മനുഷ്യൻ തന്നെയാണ്. ആരാണ് ആ ഇടവകയെ നയിക്കുന്നതു? ആ വ്യക്തിയാണ് അതിനു കാരണക്കാരൻ എന്നു തിരിച്ചറിയണം.

പ്രാദേശിക ഇടവകയിൽ സജീവ പ്രവർത്തനത്തിലും ആത്മിയ ജീവിതത്തിലും നിലനിന്നാലല്ലാതെ ഒരാത്മാവിനും പക്വത കൈവരിക്കുവാൻ സാദ്ധ്യമല്ല. പ്രാദേശിക സഭയെ ആദരിക്കാതെ, അതിനെ തുച്ഛീകരിച്ച് കാണിച്ചാൽ, ആളുകളുടെ മനസ്സും സത്യത്തോടുള്ള അവരുടെ അറിവില്ലായ്മയും പ്രകടമാക്കുന്നു.

ഒരു സ്ഥലത്തെ സഭയിലെ ഉപദേഷ്ടാവ് തിരിച്ചറിയേണ്ട കാര്യം എന്തെന്നാൽ സഭയെ വളർത്തേണ്ട ഒരു മഹത്തായ പ്രവൃത്തിയാണ് അയാൾ ഏറ്റെടുത്തിരിക്കുന്നതു. ഏതു പ്രാദേശിക സഭയും മനസ്സിലാക്കേണ്ട കാര്യം അവരുടെ വലിയ കർത്തവ്യം ആണ്. ആത്മാക്കളെ നേടുകയും അവരെ പക്വതയിലേക്കു നയിക്കുകയും ചെയ്യുന്നതിൽ അവർക്കുള്ള പങ്ക് അവർ നിർവ്വഹിക്കേണ്ടതാണ്.

## സ്വാധീന ശക്തി

ലോകത്തിലെ പാപത്തിനുള്ള പ്രതിവിധി ബോദ്ധ്യപ്പെടുത്തുവാനും അതിൽ നിന്നും ലോകത്തെ പിന്തിരിപ്പിക്കുവാനും പ്രാദേശിക ഇടവകകൾക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ദൈവം ബോദ്ധ്യപ്പെടുത്തിയിരിക്കയാണ്. ഇതു മനസ്സിലാക്കിയ തെസലോനിക്യാ സഭ സുവിശേഷ ശക്തിയാൽ ഇതു ചെയ്യുന്നതായി നമുക്കു കാണാം (1 തെസലോനിക്യർ 1:8-10).

സുവിശേഷ ബന്ധത്തിൽ തുടർച്ചയായ അനുബന്ധമാണ് ഒരു പ്രാദേശിക ഇടവകയുടെ ജീവൻ. സുവിശേഷ പ്രചരണമോ, ആത്മാക്കളെ നേടുന്നതോ ഇല്ലാതെ വരുമ്പോൾ സഭ നിർജ്ജീവമായി മാറുന്നു.

എത്ര ശക്തമായി ലോകത്തിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ സ്വാധീന ശക്തി ചെലുത്താമോ അത്രയും വിപുലമായ രീതിയിൽ ഇടവക വളരും. സ്വാധീന ശക്തി ബലഹീനമായി മാറുമ്പോൾ ഇടവകയുടെ ബലം കുറയും. ലോകത്തിൽ അതിന് ചെലുത്താവുന്ന ശക്തി മങ്ങിപ്പോകുന്നതാണ് കാരണം. ഇതിന് എല്ലാവരും ഉത്തരവാദികളാണ്. ഒരുമിച്ചുള്ള പ്രവർത്തനമാണ് പ്രശ്ന പരിഹാരം.

## കീഴ്പ്പെടുത്തുക

സുവിശേഷത്തിലുള്ള ശക്തി ഒരു ഇടവക പൂർണ്ണമായി മനസ്സിലാക്കിയാൽ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കും. എഫെസോസ് സഭയിലെ ആദ്യസ്നേഹം അവർ വിട്ടുകളഞ്ഞതായിരുന്നു. എന്നാൽ അവർക്കു അതു വീണ്ടെടുക്കാൻ കഴിയണം (വെളിപ്പാട് 2:7). വിളിക്കപ്പെട്ടശേഷം കഷ്ടം അനുഭവിക്കേണ്ടിവന്നാൽ നിരാശപ്പെടരുത്. സഹിഷ്ണുതയോടെ അതിനെ മറികടക്കണം. സ്മൂർന്നയിലെ സഭയിൽ നമുക്കു കാണാൻ കഴിയുന്നതു അതാണ്. പെർഗ

മൊസ് സഭയിൽ എന്നപോലെ മതപരമായ തെറ്റുകളെയും ദുരുപദേശങ്ങളേയും ചെറുത്തു നില്ക്കേണ്ട സാഹചര്യവും ഉണ്ടാവും. അതിനും നാം തയ്യാറാകണം (വെളിപ്പാട് 2:17). യിസെബേലിനെപോലെ മറ്റൊരു ഉപദേശം ഉയർന്നു വന്നാൽ അതിനെയും അതിജീവിക്കണം (വെളിപ്പാട് 2:26). ഒരു ഇടവക സർദ്ദിസിലേപോലെ മരിച്ചവരായി മാറാമോ? അരുത്. അവർ അതിൽ നിന്നും തിരിയണമെന്നായിരുന്നു ദൈവത്തിന്റെ ആലോചന. ഫിലദെൽഫിയയെപോലെ ഒരു വാതിൽ തുറന്നു കിട്ടുമ്പോൾ സാത്താന്റെ തീയമ്പുകളെ നേരിടുവാൻ തക്ക ശക്തി സംഭരിക്കണം (വെളിപ്പാട് 3:12). ശീതോഷ്ണമായ അവസ്ഥ ഉണ്ടാകാതിരിക്കണം. അങ്ങനെ കാണപ്പെട്ടാൽ അതു നശിപ്പിക്കപ്പെടും എന്നു ദൈവം അരുളിചെയ്യുന്നു.

## ഉപസംഹാരം

സുവിശേഷത്തിന്റെ പരമോന്നതമായ ശക്തി മനസ്സിലാക്കി വിശ്വസിക്കുന്നവരും സുവിശേഷത്തെ മാനിക്കുന്നവരും പ്രാദേശിക സഭയുടെ പങ്കിനെ തിരിച്ചറിയുകയും അനുമോദിക്കുകയും ചെയ്യും. കർത്താവിന്റെ പ്രബോധനം നാം ഒരിക്കലും മറക്കരുത്. "ആത്മാവ് സഭകളോടു പറയുന്നതു ചെവിയുള്ളവൻ കേൾക്കട്ടെ. ക്രിസ്തുവിന്റെ സഭ നിങ്ങളുടെ പ്രദേശത്ത് ഉണ്ടോ? നിങ്ങൾ ആ സഭയിൽ അംഗമായി ചേർക്കപ്പെട്ടിട്ടുണ്ടോ? നിങ്ങൾ ആ സഭയുടെ സ്വാധീനത്തിലാണോ? അതോ നിങ്ങൾ ലോകപ്രകാരമുള്ള വിഭാഗത്തിലോ? അങ്ങനെയെങ്കിൽ സത്യവചനം അനുസരിച്ച് നിങ്ങൾ കർത്താവിന്റെ കല്പനകൾ പൂർണ്ണമായി അനുസരിച്ച് കഴിയുമ്പോൾ കർത്താവ് നിങ്ങളെ അവന്റെ സഭയിൽ ചേർത്തുകൊള്ളും.

# യേശുവിനെയോ?

## മെൽ ഹട്ട് റെൽ

മനുഷ്യപുത്രനെ മനുഷ്യർ ആർ എന്നു പറയുന്നു എന്നു യേശു ഒരിക്കൽ തന്റെ ശിഷ്യന്മാരോടു ചോദിക്കയുണ്ടായി. ചിലർ യോഹന്നാൻ സ്നാപകൻ എന്നും, മറ്റു ചിലർ ഏലിയാവെന്നും വേറെ

ചിലർ യിരമ്മ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. ഒന്നാം നൂറ്റാണ്ടിൽ പോലും യേശു ആരായിരുന്നു എന്ന കാര്യത്തിൽ ജനങ്ങൾക്കിടയിൽ കലക്കമുണ്ടായിരുന്നു. കർത്താവ് ചോദ്യം അവിടെ നിർത്തുന്നില്ല. അവൻ തന്റെ ശിഷ്യന്മാരോടു അതേ ചോദ്യം ചോദിക്കുന്നുണ്ട്. എന്നാൽ നിങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്നു ചോദിച്ചു. അതിനു പത്രൊസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു തന്നെ എന്നു ഉത്തരം പറഞ്ഞു (മത്തായി 16:13-16). സഹോദരന്മാരേ, പത്രൊസിന്റെ ഈ ഏറ്റുപറച്ചിലായ പാറമേലാണ് കർത്താവു തന്റെ സഭ പണിയുമെന്നു പറഞ്ഞതു. അതു വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ആ അടിസ്ഥാനത്തിന്മേലാണ് കർത്താവു തന്റെ സഭ പണിതത്. ആ ചോദ്യം ഏതു കാലഘട്ടത്തിൽ ചോദിച്ചാലും കിട്ടുന്ന ഉത്തരം അതു തന്നെയായിരിക്കും (1 പത്രൊസ് 3:15). ക്രിസ്തുവാണ് സഭയുടെ അടിസ്ഥാനം. പാറമേൽ അടിസ്ഥാനമിട്ടാണ് ബുദ്ധിയുള്ളവർ വീടു പണിയുന്നത്. ക്രിസ്തുവിന്മേലാണ് അവന്റെ സഭ നിലനില്ക്കുന്നത്.

നിർഭാഗ്യവശാൽ യേശുവിനെ കുറിച്ച് തെറ്റിദ്ധാരണകൾ ധാരാളം നിലവിലുണ്ട്. യേശു ഒരു ചരിത്ര പുരുഷൻ മാത്രമായിരുന്നു എന്നു കരുതുന്നവർ ഉണ്ട്. അതായത് അവൻ വാസ്തവത്തിൽ ജീവിച്ചിരുന്നു എന്നു അവർ വിശ്വസിക്കുന്നു. അതുപോലെ വേറെ ചിലർ അവന്റെ ഭൗതിക നിലനില്പിനെ സ്വീകരിക്കയും ദൈവികത്വത്തെ നിഷേധിക്കയും ചെയ്യുന്നു. യേശു ഒരു ചരിത്ര കഥാപാത്രമായിരുന്നോ? ആയിരുന്നെങ്കിൽ അവൻ വെറും മനുഷ്യൻ മാത്രമായിരുന്നോ അതോ മശിഹ എന്ന ദൈവപുത്രനായിരുന്നോ? ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തുക. ഏതൊരു ചോദ്യത്തിന്റേയും ഉത്തരം വ്യത്യാസം ജനിപ്പിക്കുന്നു. യേശു വാസ്തവത്തിൽ ദൈവ പുത്രനാണെങ്കിൽ സഭ അവനു വിധേയപ്പെട്ടിരിക്കേണ്ടിയിരിക്കുന്നു (യോഹന്നാൻ 20:30, 31). അങ്ങനെയാണെങ്കിൽ എല്ലാ കാര്യത്തിലും സഭ യേശുക്രിസ്തുവിനു മുൻഗണന കൊടുക്കണം (കൊലൊസ്യർ 1:18; മത്തായി 28:18). യേശു ഈ ചോദ്യം പരീശന്മാരോടു ചോദിക്കുന്നുണ്ട്. യേശു അവരോടു: ക്രിസ്തുവിനെ കുറിച്ചു നിങ്ങൾക്കു എന്തു തോന്നുന്നു? അവൻ ആരുടെ പുത്രൻ എന്നു ചോദിച്ചു; ദാവീദിന്റെ പുത്രൻ എന്നു അവർ ഉത്തരം പറഞ്ഞു. അവർക്കു

ശരിയായ ഉത്തരം പറവാൻ കഴിഞ്ഞില്ല.

ദൈവ വിശ്വാസമില്ലാത്തവരും അന്ധ വിശ്വാസമുള്ളവരും യേശു ജീവിച്ചിരുന്നു എന്ന കാര്യത്തിൽ യോജിക്കുന്നു. ബൈബിളിൽ അവനെ കുറിച്ചു പ്രതിപാദിക്കുന്നത് മനസിലാകാത്തവരും ഈ കാര്യം സമ്മതിക്കുന്നു. ചരിത്ര സ്പന്ദനം പോലും യേശുവിനെ മാറ്റി നിർത്തിയാൽ അസാദ്ധ്യമെന്നു ചരിത്രകാരന്മാർ സമ്മതിക്കും. വിരോധികൾ ധാരാളം എതിരഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നുണ്ട് എങ്കിലും അവ പരസ്പരവിരുദ്ധമാണ്. തെളിവുകളും ദൃക്സാക്ഷികളും നല്കുന്ന സൂചനകൾ എല്ലാം അവൻ ജീവിച്ചിരുന്നു എന്ന പരമാർത്ഥത്തെ സ്ഥിരീകരിക്കയാണ്. യേശുവിനെ വിശ്വസിക്കാതെ തള്ളിക്കളഞ്ഞ യെഹൂദന്മാരും പുറജാതിക്കാരും യേശുവിന്റെ ജീവചരിത്രത്തെ അംഗീകരിക്കുന്നവരാണ്. യേശുവിന്റെ കാലയളവിൽ ജീവിച്ചിരുന്ന യെഹൂദ ചരിത്രകാരന്മാർക്കു യേശുവിന്റെ ജീവിതത്തെ രേഖപ്പെടുത്താതിരിക്കാൻ കഴിഞ്ഞില്ല. ദൈവ പദ്ധതിയനുസരിച്ചു വന്നു പ്രവർത്തിച്ച യേശുവിനെ ജനങ്ങൾ എങ്ങനെ കാണുന്നുവെന്നതല്ല മുഖ്യം; പിന്നെയോ അവന്റെ നിലനില്പിനെയും ജീവിതത്തെയും ആർക്കും നിഷേധിക്കാൻ കഴിയാതവണ്ണം വെളിപ്പെടുത്തിയിരിക്കയാണ്.

യെഹൂദ ചരിത്രകാരനായിരുന്ന ജോസെഫസ് തന്റെ "ആന്റിക്വീറ്റിസ്" എന്ന ഗ്രന്ഥത്തിൽ ജ്ഞാനിയായ യേശു ജീവിച്ചിരുന്നു എന്നും, അത്ഭുത പ്രവർത്തികൾ ചെയ്ത ഒരു ഗുരുവായിരുന്നു എന്നും അവനിൽ സത്യം മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ യെഹൂദന്മാരും ജാതികളും ആയ അനവധി പേർ അവനെ അനുഗമിച്ചിരുന്നു എന്നും പറയുന്നു. മഹാപുരോഹിതന്മാർ അവനെ ക്രൂശിൽ തറെപ്പിക്കുവാൻ പിലാത്തൊസിനു ഏല്പിച്ചു കൊടുത്തുവെങ്കിലും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. പ്രവാചകന്മാർ അരുളിച്ചെയ്തതനുസരിച്ചായിരുന്നു ഈ സംഭവങ്ങളെല്ലാം എന്നും അദ്ദേഹം ആ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട് (ബുക്ക് 18, മൂന്നാം അദ്ധ്യായം ഭാഗം 3). ദൈവം അയച്ച പുരുഷനായ യേശു ആയിരുന്നു അവൻ എന്നു വിശ്വസിക്കത്തക്ക തെളിവാണിത്.

മനുഷ്യ രക്ഷക്കായി മനുഷ്യ വേഷമെടുത്തു വന്ന ദൈവ പുത്ര

നായ യേശുവിന്റെ ജീവിതത്തെയും പ്രവർത്തിയെയും സംശയ ലേശമെന്യേ വിശ്വസിക്കാം. യേശു ഒരു സാങ്കല്പിക കഥാപാത്രമായിരുന്നില്ല. അന്ധമായി അവനെ വിശ്വസിക്കുവാൻ ദൈവം പറഞ്ഞിട്ടില്ല. ദൈവം തന്നെ കുറിച്ചു സാക്ഷ്യം തന്നിട്ടുണ്ട്. വചനം സത്യമാണെന്നു തെളിയിക്കപ്പെട്ടതാണ്. ഇന്നും പല കണ്ടുപിടിത്തങ്ങളും ബൈബിളിനെ വിശ്വസിപ്പിക്കുന്നതാണ്. ശാസ്ത്രത്തിന്റെ നിലനില്പും ദൈവത്തിന്റെ അറിവോടെയും ജ്ഞാനത്തോടെയും ആണെന്നു തിരുവെഴുത്തു തെളിയിക്കുന്നു. യേശുവിൽ വിശ്വസിക്കാത്തവർ പോലും, അവൻ പഠിപ്പിച്ച പല തത്വങ്ങളും ശരിയാണെന്നു സമ്മതിക്കുന്നുണ്ട്. ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ കണ്ടുകൊണ്ടു ആളുകൾ പറയും അതു ബൈബിളിൽ പറഞ്ഞിരിക്കുന്നതാണ് പിന്നെ അങ്ങനെ വരാതിരിക്കും എന്ന്. യേശു പാപികളെ രക്ഷിപ്പാൻ വന്നു എന്നതു വിശ്വാസയോഗ്യമായ വചനം തന്നെയാണ്. അവന്റെ ഉപദേശങ്ങൾ അത്രയും സത്യമത്രെ. അവനിൽ വിശ്വാസം അർപ്പിക്കുന്നവരെ അവൻ ഉപേക്ഷിക്കയില്ല, കൈവിടുകയുമില്ല (എബ്രായർ 13:5).

ഇനി യേശു ജീവിച്ചിരുന്നു എന്നു വിശ്വസിക്കുന്നവരും എന്നാൽ അവന്റെ ദൈവികത്വത്തെ അംഗീകരിക്കാത്തവരുമായവരുടെ കാര്യം എടുക്കാം. യേശു വെറുമൊരു മനുഷ്യൻ മാത്രമായിരുന്നോ അതോ ദൈവവുമായിരുന്നോ? ഇതിനുത്തരം കണ്ടെത്താം. പുതിയ നിയമ കാലയളവിൽ യേശുവിന്റെ ദൈവികത്വത്തെ നിഷേധിച്ചിരുന്നവർ ഉണ്ടായിരുന്നു. അവരെ എതിർ ക്രിസ്തുക്കൾ എന്നാണ് വിളിച്ചിരുന്നത്. അവർ അനേകർ ആയിരുന്നു താനും (1 യോഹന്നാൻ 2:18, 22; 4:3; 2 യോഹന്നാൻ 7). യേശു ജഡത്തിൽ വസിച്ചിരുന്നു, ദൈവം ജഡത്തിൽ വന്നവനായിരുന്നു ക്രിസ്തു എന്നു വിശ്വസിക്കാതിരിക്കുന്നവരാണ് എതിർ ക്രിസ്തു എന്നു അറിയപ്പെടുന്നവർ. കള്ള പ്രവാചകന്മാരും തത്വചിന്തകന്മാരുമായ ഒരു കൂട്ടം ആളുകൾ യോഹന്നാന്റെ കാലയളവിൽ യേശുവിന്റെ ദൈവികത്വത്തെ നിഷേധിച്ചിരുന്നു. യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. ക്രിസ്തു ജഡത്തിൽ വന്നു എന്നു വിശ്വസിക്കുന്നവരാണ് ദൈവാത്മാവുള്ളവർ. കള്ള പ്രവാചകന്മാർ ലോകത്തിലേക്കു വന്നിരിക്കയാൽ ക്രിസ്തുവിൽ വസിപ്പാനും ദുരുപദേശങ്ങളെ

വിശ്വസിക്കാതിരിപ്പാനും ദൈവം തന്റെ ശക്തിയുള്ള, വിശ്വസനീയ മായ വചനം തന്നിരിക്കുന്നു.

✶

# യേശുവിന്റെ അന്വേഷിക്കൽ

## ജെറി മനാസ്കോ

പല രീതിയിൽ പലതും അന്വേഷിക്കുന്നവരാണല്ലോ നാം. അതിൽ വ്യക്തികളും വസ്തുക്കളും അടങ്ങുന്നുണ്ട്. ഒരു കൂട്ടം വിദ്വാന്മാർ ഒരുദ്ദേശവും അന്വേഷണവുമായിട്ടാണ് യെരുശലേമിൽ എത്തിയത്. യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു അവനെ നമസ്ക്കരി പ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 2:2). യേശു ആ സമയത്തു ശിശുവായിരുന്നിട്ടും അവർ യേശുവിനെ അന്വേഷിച്ചി റങ്ങി. കാണുവാനുള്ള ഉൽക്കണ്ഠ മാത്രമായിരുന്നില്ല അവരുടേത്. ഒരു പ്രത്യേക ഉദ്ദേശത്തോടെയായിരുന്നു അവർ യേശുവിനെ അന്വേ ഷിച്ചത്. സമയം അടുത്തിരിക്കയാൽ അവർ യെരുശലേമിന്റെ പുതിയ രാജാവിനെ അന്വേഷിക്കയാണ്. സകല ദേശത്തിന്റേയും ആഗ്രഹം ലോകത്തിൽ പ്രവേശിച്ചിരിക്കയാണ്. മനുഷ്യ വർഗ്ഗത്തിന്റെ മുഴു വൻ പ്രത്യാശയും ഈ ഏക ജനനത്തിൽ അന്തർലീനമായിരിക്കുന്നു. ആകയാൽ ഈ മനുഷ്യർ ബേത്ലഹേമിൽ ജനിച്ച ശിശുവിനെ തേടി ഇറങ്ങി. അവരുടെ ഉള്ളിൽ ഏക ഉദ്ദേശവുമായിട്ടാണ് അവർ യേശു വിന്റെ അടുക്കൽ എത്തിയത്. മറ്റു പലരും യേശുവിനെ അന്വേഷി ക്കുന്നുണ്ട്; അവന്റെ സന്നിധിയിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ എന്തുദ്ദേശവുമായിട്ടാണ് എന്നു വിലയിരുത്തുക.

ഹെരോദാവു യേശുവിനെ അന്വേഷിക്കുന്നുണ്ട്. പക്ഷെ കാപട്യ ത്തോടുകൂടെയായിരുന്നു. ഹെരോദാവു വിദ്വാന്മാരോടു: നിങ്ങൾ ചെന്നു ശിശുവിനെ കുറിച്ചു സൂക്ഷ്മമായി അന്വേഷിപ്പിൻ; കണ്ടെ ത്തിയാൽ ഞാനും ചെന്നു അവനെ നമസ്ക്കരിക്കേണ്ടതിനു വന്നു എന്നെ അറിയിപ്പിൻ എന്നു പറഞ്ഞു (മത്തായി 2:8). തന്റെ രാഷ്ട്രീയ നിലനില്പിനു ഭീഷണിയാകുമെന്നു വിചാരിച്ചു യേശുവിനെ ബാല്യ

ത്തിൽ തന്നെ കൊല്ലുവാനായിരുന്നു അവന്റെ ഉദ്ദേശം (വാക്യം 13). സത്യം അന്വേഷിക്കുന്നു എന്ന വ്യാജേന ചിലർ ബൈബിളിലെ മനസ്സിലാകാത്ത ചില വാക്യങ്ങളെ എടുത്തുകൊണ്ടു വൈരുദ്ധ്യങ്ങൾ അടങ്ങുന്നതാണ് ബൈബിൾ എന്നു പറയുന്നവരാണ് ഇവർ. അവരുടെ ഉദ്ദേശം ശുദ്ധമല്ല എന്നു അവരുടെ പ്രവൃത്തി തെളിയിക്കുന്നു. യേശുവിനെ അന്വേഷിക്കുന്നവർ അവന്റെ ഹിതം പ്രവർത്തിക്കാതിരിക്കുന്നതും കാപട്യത്തോടുകൂടിയ ധിക്കാരമാണ്. ദൈവശ്വാസീയമായ വചനത്തെ തള്ളിക്കളഞ്ഞുകൊണ്ടു യേശുവിനെ കണ്ടെത്താൻ ശ്രമിക്കുന്നതു ഉദ്ദേശ ശുദ്ധിയില്ലായ്മയെ കാണിക്കുന്നു. കന്യകാ ജനനം മുതൽ അവന്റെ ഉയിർത്തെഴുന്നേല്പുവരെയുള്ള സംഭവങ്ങൾ എല്ലാം തന്നെ ദൃക്സാക്ഷികളെ നിരത്തി പ്രതിപാദിച്ചിട്ടുണ്ട്. സത്യസന്ധരായ അന്വേഷകർക്കു അവനെ കണ്ടെത്താനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും കഴിയും.

മറിയയും യോസേഫും യേശുവിനെ അന്വേഷിക്കുന്നുണ്ട്. എന്നാൽ അവരുടെ അന്വേഷണം, യെരൂശലേമിൽ പെസഹ ആഘോഷിക്കാൻ പോയപ്പോൾ അശ്രദ്ധ നിമിത്തം കാണാതായ പൈതലായ യേശുവിനെയായിരുന്നു. മറിയയും യോസേഫും യേശുവിനെ കാണാതായതു എന്തുകൊണ്ടാണ്? അവൻ ആൾകൂട്ടത്തിൽ എവിടെയെങ്കിലും കാണും എന്നു അവർ വിചാരിച്ചു (ലൂക്കൊസ് 2:44). അങ്ങനെ ഊഹിച്ചുകൊണ്ടു അവർ ഒരു ദിവസത്തെ യാത്ര കഴിച്ചു. പിന്നെ ബന്ധുക്കളുടേയും പരിചയക്കാരുടേയും ഇടയിൽ തിരഞ്ഞു. കാണാഞ്ഞിട്ടു അവനെ അന്വേഷിച്ചുകൊണ്ടു യെരുശലേമിലേക്കു മടങ്ങിപോയി. പന്ത്രണ്ടു വയസ് പ്രായമേ ബാലന്നു ഉണ്ടായിരുന്നുള്ളു. അവർ അവിടെ ചെന്നപ്പോൾ അവൻ യെരുശലേം ദേവാലയത്തിൽ ഇരിക്കുന്നതു കണ്ടു (വാക്യം 45-49). നീ ഞങ്ങളോടു ഇങ്ങനെ ചെയ്തതു എന്ത് എന്ന് അവർ അവനോടു ചോദിച്ചതിനു അവൻ: എന്നെ തിരഞ്ഞതു എന്തിനു? എന്റെ പിതാവിന്നുള്ളതിൽ ഞാൻ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിയുന്നില്ലയോ? (വാക്യം 49). ഇതുപോലെയാണ് മതപരമായി പലരും. അവർ അറിയേണ്ടതു അറിയാതെ അവരുടെ സ്വന്ത വഴികളിൽ ഊന്നി നടക്കും (സദൃശവാക്യങ്ങൾ 14:12). യേശു അവരുടെ കൂട്ടത്തിൽ ഉണ്ടെന്നു അവർ ഊഹിക്കുകയാണ്. കാരണം മതപരമായ ചടങ്ങു

കൾ അവർ ചെയ്യുന്നുണ്ടല്ലോ എന്നതാണ് അവരുടെ ചിന്ത. പക്ഷേ യേശു തന്റെ പിതാവിനുള്ളതിൽ ആണ് എന്നു അവർ മനസ്സിലാക്കുന്നില്ല. യേശുവിനെ നാം കണ്ടെത്തുന്നതു യഥാർത്ഥത്തിൽ അവന്റെ ആലയമാകുന്ന സഭയിലാണ്. അതു തിരിച്ചറിയാത്ത അനവധിപേർ ഇന്നുമുണ്ട്.

മഹാപുരോഹിതന്മാരും ശാസ്ത്രിമാരും യേശുവിനെ കുടുക്കുവാൻ ഉപായം അന്വേഷിച്ചു (ലൂക്കൊസ് 22:2). ഇതു പിന്നീടു കുറയുകയല്ല, കൂടുകയാണുണ്ടായതു. മരിച്ച ലാസറെ അവൻ ഉയിർപ്പിച്ചപ്പോൾ അതൊരു മഹാത്ഭുതമായി ജനങ്ങൾ കണ്ടു അവനിൽ വിശ്വസിച്ചു. ആർക്കും നിഷേധിക്കാനാകാത്ത വിധത്തിലായിരുന്നു അവന്റെ പ്രവൃത്തികൾ. യേശുവിന്റെ സ്വാധീന ശക്തി വർദ്ധിച്ചു വരുന്നതു അവർക്കു സഹിക്കാൻ കഴിഞ്ഞില്ല. ലാസർ നിമിത്തം അനേകർ യേശുവിൽ വിശ്വസിക്കാൻ തുടങ്ങിയതു കണ്ടപ്പോൾ അവർ ലാസറിനെയും കൊല്ലുവാൻ ആലോചിച്ചു (യോഹന്നാൻ 12:10). അവർ അവനെ എത്രമാത്രം വെറുത്തുവോ അത്ര മാത്രം വിരോധമായി എന്തും ചെയ്യുവാൻ അവർ തയ്യാറാകുന്നു. അവന്റെ സ്വാധീന ശക്തിയില്ലാതാവണമെന്നതാണ് അവരുടെ ഉന്നം. സഭയിലും ഇതു സംഭവിക്കാം. ഏതെങ്കിലും ഒരുപദേഷ്ടാവോ അദ്ധ്യക്ഷന്മാരിൽ ഒരുവനോ കൂടുതൽ ആദരിക്കപ്പെടുകയും സ്വാധീനിക്കപ്പെടുകയും ചെയ്യുമ്പോൾ അയാളെ തരം താഴ്ത്തുവാൻ എന്തും പറയുവാനും ചെയ്യുവാനും തുനിയുന്നവർ ഉണ്ടായേക്കാം. സത്യത്തിനു വിരോധമായുള്ള അത്തരം ശ്രമങ്ങളെ ഏതു സമയത്തും പ്രതീക്ഷിക്കാം.

അഞ്ചപ്പവും രണ്ടു മീനും കൊണ്ടു യേശു അയ്യായിരം പേരെ പോഷിപ്പിച്ചു അത്ഭുതം പ്രവർത്തിച്ചു. അവിടെ സന്നിഹിതരായിരുന്നവർ അവനെ അന്വേഷിച്ചു. പക്ഷെ അവരുടെ അന്വേഷണത്തിന്റെ ഉദ്ദേശം മറ്റൊന്നായിരുന്നു. അവർ അവനെ തിരഞ്ഞു കഫർന്നഹൂമിൽ എത്തി. യേശു അവരുടെ ഉദ്ദേശം വ്യക്തമാക്കുന്നുണ്ട്. "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്" (യോഹന്നാൻ 6:24-26). നശിച്ചു പോകുന്ന ആഹാരത്തിനായിട്ടല്ല യേശുവിനെ അന്വേഷിക്കേണ്ടതു പിന്നെയോ

നിത്യജീവൻ പ്രാപിക്കുക എന്ന ലക്ഷ്യമായിരിക്കണം. ചിലർ സഭയിൽ വരുന്നതു ഭൗതികമായ നേട്ടങ്ങൾക്കു വേണ്ടിയാണ്. അതു ലഭിക്കാതെ വരുമ്പോൾ അവർ പൊയ്പോകും. അവർക്കു ദൈവത്തോടുള്ള കടമ പ്രശ്നമല്ല. കൊടുക്കുന്നതിനേക്കാൾ ലഭിക്കണമെന്നതാണ് അവരുടെ മനസ്സിൽ. ഇതും സത്യത്തിനു വിരോധം തന്നെ.

പെരുനാളിൽ നമസ്കരിപ്പാൻ വന്ന യവനന്മാരിൽ ചിലർ യേശുവിനെ കാണാൻ താല്പര്യം പ്രകടിപ്പിച്ചു. അവർ ആരായിരുന്നാലും, യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞു ക്രൂശിൽ തറെപ്പിച്ചു കൊല്ലുവാൻ ശ്രമിക്കുമ്പോൾ പുറത്തുള്ളവർ യേശുവിനെ കാണാൻ ആഗ്രഹിക്കയാണ്. "എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി; എന്നെ ചോദിക്കാത്തവർക്കു ഞാൻ പ്രത്യക്ഷനായി എന്ന പ്രവചനം നിവർത്തിയായി (യെശയ്യാവ് 65:1; റോമർ 10:20).

✱

# നാം ലോകത്തിലാണ് ജീവിക്കുന്നതു

ജെയിസൺ റോബർട്ട്സ്

പലരും പറഞ്ഞു കേൾക്കാറുള്ള ഒരു പ്രസ്താവനയാണിത്. ഞാൻ ലോകത്തിലാണ് ജീവിക്കുന്നത്, സമൂഹത്തിലാണ് ജീവിക്കുന്നത് എന്നെല്ലാം സാധാരണ പറഞ്ഞു കേൾക്കാറുണ്ട്. ചില കുട്ടികൾ മാതാപിതാക്കളുടെ സമ്മത പത്രത്തോടെ ചെറിയ കാര്യങ്ങൾ ചെയ്യുന്നു. അതില്ലാതെ തന്നെ വലിയ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഔചിത്യ പൂർവ്വവും അനൗചിത്യ പൂർവ്വവും സംസാരിക്കയും പെരുമാറുകയും ചെയ്യുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. നാം ചുറ്റും കണ്ണോടിക്കുമ്പോൾ മതിലുകളിലും വീടുകളിലും ചുവരുകളിൽ വേദവാക്യങ്ങൾ എഴുതിവെച്ചിരിക്കുന്നതു കാണാം. അതിനുള്ളിൽ വസിക്കുന്ന ആളുകൾക്കു അതുമായി ബന്ധമില്ലെന്നതു വേറെ കാര്യം. ചില ആരാധനാലയവും വ്യത്യസ്ഥമല്ല. ആണോട് ആണ്, പെണ്ണോട് പെണ്ണ് അവലക്ഷണമായി പ്രവർത്തിക്കുന്നു. ദൈവം വെറുക്കുകയും വിലക്കുകയും ചെയ്തിരിക്കുന്ന കുലപാതകവും വ്യഭി

ചാരവും തൊഴിലാക്കിയിരിക്കുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. അസാന്മാർഗിക ജീവിത രീതിയെ സമൂഹം താലോലിക്കുന്നു. അഴിമതി ആവശ്യഘടകമായി ആളുകൾ കണക്കാക്കിയിരിക്കുന്നു. ധാർമ്മിക നിലവാരത്തെ ഭൂരിഭാഗം പേരും ചേർന്നു പഴഞ്ചനാക്കി തീർത്തിരിക്കുന്നു. നന്മയെ തിന്മയായും തിന്മയെ നന്മയായും ചിത്രീകരിക്കുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത് (മത്തായി 7:13-14, 21, 23). യേശുക്രിസ്തു ദൈവപുത്രനായി ജനിക്കുന്നതു അങ്ങനെയുള്ള ലോകത്തിലായിരുന്നു.

മുൻപ് വെറുത്തിരുന്ന പുകവലിയും മദ്യവും ഇന്നു ആദരിക്കപ്പെടുന്നവയായി മാറിയിരിക്കുന്നു. ഇന്നത്തെ ആളുകൾ അതെല്ലാം ഒരു ഫാഷനായി കണക്കാക്കുന്നു. ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും നശിപ്പിക്കുന്ന ഇതുപോലെയുള്ള ധാരാളം ദുഃസ്വഭാവങ്ങൾ പലരിലും കാണുന്നുണ്ട്. മാദ്ധ്യമങ്ങളിൽ ദൃശ്യമാകുന്ന പലതും പ്രായമുള്ളവർക്കു ലജ്ജ ഉളവാക്കുന്നതാണ്. ഡാൻസും പാട്ടുമെല്ലാം കലയെ പ്രോത്സാഹിപ്പിക്കുന്ന ഒന്നായിരുന്നു പണ്ട്. ഇപ്പോൾ അതു വ്യവസായമായി മാറി കഴിഞ്ഞു. അന്യ ജഡമോഹം പണ്ടു തന്നേയുള്ളതാണെങ്കിലും തീരാരോഗത്തിലേക്കു നയിക്കത്തക്കവണ്ണം അധഃപതിച്ചിരിക്കുന്നതു ഇപ്പോഴാണ്. എയിഡ്സ് തുടങ്ങിയ രോഗങ്ങൾ ബാധിച്ച യുവതീയുവാക്കൾ അകാല ചരമമടയുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. ഒരിക്കൽ സോദോമും ഗൊമോറയുമായിരുന്നു മ്ലേച്ഛത നിറഞ്ഞ പട്ടണങ്ങൾ. പക്ഷെ ഇന്നത്തെ അവസ്ഥ എന്താണ്? എല്ലാ രാജ്യങ്ങളിലും സർവ്വത്ര മ്ലേച്ഛതയാണ്. ചുരുക്കി പറഞ്ഞാൽ മുൻപുണ്ടായിരുന്നവർ ജീവിച്ചിരുന്നത് പാപമുള്ള ലോകത്തിലായിരുന്നുവെങ്കിൽ നാം ഇന്നു ജീവിക്കുന്നതു പാപം നിറഞ്ഞ ലോകത്തിലാണ്. ലോകത്തിന്റെ കുഴപ്പമാണോ? ജനങ്ങളുടെ മനസ്സിൽ ദൈവത്തിനോ സത്യത്തിനോ സ്ഥാനമില്ലാത്തതാണ് കാരണം.

പരിശുദ്ധിക്കോ വിശുദ്ധിക്കോ വലിയ പ്രാധാന്യം കൊടുക്കാത്തവരാണ് അധികവും. കുടുംബ മഹിമ എന്നതു ഒരു പഴയ പദപ്രയോഗമായി മാറിയിരിക്കുന്നു. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ ബഹുമാനിക്കയും അവരെ പ്രത്യേകമായ പരിഗണന കൊടുത്ത് സംരക്ഷിക്കയും ചെയ്തിരുന്നു. ഇന്നോ പ്രായമായവർ

ഒരു ഭാരമായി തോന്നുന്ന കാലഘട്ടമാണ്. യുവ തലമുറ അവരെ സംരക്ഷിക്കുവാൻ വൃദ്ധ സദനങ്ങൾ അന്വേഷിച്ചു കണ്ടെത്തും. നിസ്വാർത്ഥത തേഞ്ഞുമാഞ്ഞു സ്വാർത്ഥതയായി കാണപ്പെടുന്നു. ദൈവം എന്താണ് പറഞ്ഞിരിക്കുന്നതു? അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്നു കാണണം, അവർക്കു വേണ്ട സഹായം കൊടുക്കണം (യാക്കൊബ് 1:27). തന്നേക്കാൾ പ്രായമുള്ളവരെ അപ്പനെയും അമ്മയെയും പോലെ ബഹുമാനിക്കണമെന്നാണ്. പക്ഷെ അതെല്ലാം ആരാണ് കേൾക്കുന്നത്. അപ്പനെയും അമ്മയെയും അനുസരിക്കുന്ന തലമുറയായിരുന്നു മുൻപുണ്ടായിരുന്നത് എങ്കിൽ ഇന്നോ അവരെ ധിക്കരിക്കുന്നവരാണ് അധികവും. ഈ അനീതിയും മത്സരവും എത്ര കാലം നീണ്ടുപോകും? ഇതിന്റെ അവസാനം എന്ത് എന്നു ചിന്തിക്കുക. പരിജ്ഞാനമില്ലാതെ എന്റെ ജനം നശിച്ചുപോകുന്നു എന്നത്രെ ഹോശെയാവിന്റെ കാലത്തു ദൈവം അരുളിച്ചെയ്തതു (ഹോശെയാ 4:6). ദേശത്തിൽ അകൃത്യം നിറഞ്ഞതുകൊണ്ടാണ് അവർ സങ്കടപ്പെട്ടു കരയുന്നതു എന്നു അതേ പ്രവാചകൻ പറഞ്ഞിരിക്കുന്നു (ഹോശേയാ 4:1-3). നീതി ഒരു ദേശത്തെ ഉയർത്തുമെങ്കിൽ പാപം ജനങ്ങളെ നിന്ദിക്കുന്നു. അല്ലെങ്കിൽ അപമാനം വരുത്തുന്നു.

നിയമങ്ങൾ പ്രമാണിക്കുവാൻ മനുഷ്യനു ആന്തരികമായ സ്നേഹമെന്ന സ്വഭാവം ആവശ്യമാണ് (യോഹന്നാൻ 14:15). നീതിയും വിശുദ്ധിയുമാണ് ഏതൊരാൾക്കും ദൈവ മുൻപാകെ വേണ്ടത്. നമുക്കു ചുറ്റുപാടും വസിക്കുന്നവരിൽ മിക്കവരിലും ഇല്ലാത്തതായ ഈ സ്വഭാവം വളർത്തിയെടുക്കുവാനുള്ള ഉത്തരവാദിത്വം നമ്മിൽ ഉണ്ട്. ആത്മാക്കളെ രക്ഷിപ്പാൻ കഴിയുന്ന വചനമാണ് നാം ലോകത്തിലുള്ള ആളുകൾക്കു നല്കേണ്ടതു (യാക്കൊബ് 1:21). കാഠിന്യമുള്ള മനുഷ്യ ഹൃദയം മലർക്കെ തുറക്കുവാൻ പര്യാപ്തമായ ഒന്നാണ് ശക്തിയുള്ള സുവിശേഷം (റോമർ 1:16; എബ്രായർ 4:12). നാം ആത്മാവിന്റെ വാൾ എടുക്കുവാൻ തയ്യാറുണ്ടോ എന്നതാണ് ചോദ്യം (എഫെസ്യർ 6:17). നാം അതു മറ്റുള്ളവർക്കു കൊടുക്കണം. മൂടിവെക്കുവാനല്ല, ദാനം ചെയ്യുക. സൗജന്യമായി ലഭിച്ചു സൗജന്യമായി കൊടുക്കുക. കർത്താവിനു വേണ്ടി വേല ചെയ്യുവാൻ തിരഞ്ഞെടുത്തിരിക്കുന്ന നാം അതു ചെയ്യാതിരിക്കുന്നതുകൊണ്ടല്ലേ ലോകത്തിൽ ഇത്രയും അകൃത്യം നിറഞ്ഞിരിക്കുന്നത്? ആകയാൽ

നമുക്ക് വയലിൽ ഇറങ്ങി വിത്തു വിതെക്കാം.

കലക്കത്തിലും പരിഭ്രമത്തിലും അനിശ്ചിതാവസ്ഥയിലുമാണ് ലോകം ഇന്ന്. എങ്കിലും നീതിമാന്മാരായ ചില വ്യക്തികൾ വചനമെന്ന സത്യത്തെ മുറുകെ പിടിച്ചിരിക്കുന്നവരുണ്ട്. സ്നേഹിക്കുന്നവരും സത്യസന്ധരും നല്ല സ്വീകാരം മുറുകെ പിടിച്ചിരിക്കുന്നവരുമാണ് അവർ (ഫിലിപ്പിയർ 4:8). ഇരുട്ടിൽ തപ്പി നടക്കുന്നവർക്കു നാം പ്രകാശം കൊടുക്കണം. മലമേൽ ശോഭിക്കുന്ന പട്ടണമായി നാം മാറണം (മത്തായി 5:16). നിരാശയിലാണ്ടിരിക്കുന്നവർക്കു പ്രത്യാശ പകരണം. പരാജയ ഭീതി പൂണ്ടിരിക്കുന്നവർക്കു വിജയിക്കുവാനുള്ള വഴി കാണിച്ചു കൊടുക്കണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം അതു സാദ്ധ്യമത്രെ.

നമ്മിൽ പലരും ദൈവ വചനത്തോടു മുൻപു കാണിച്ചിരുന്ന മനോഭാവമാണ് ലോകത്തിലുള്ളവർ ഇന്നു കാണിക്കുന്നത്. ആദ്യം ദൈവത്തെ ഉപേക്ഷിക്കുന്നു. പിന്നെ ഉപദേശത്തെ വിട്ടു കളയുന്നു. അതിനുശേഷം ധാർമ്മികം കൈവിടുന്നു. ദൈവത്തെ അറിയാതിരിക്കുന്നതും ദൈവത്തിനു മഹത്വം കരേറ്റാതിരിക്കുന്നതും അകൃത്യമത്രെ. ദൈവത്തിനും സത്യത്തിനും പകരമായി മറ്റൊന്നുമില്ല. ലോകത്തെയും ലോകത്തിലുള്ളതിനെയും വെറുത്തുകൊണ്ട് ദൈവത്തെ അറിഞ്ഞു അവനെ സ്നേഹിച്ച്, ബഹുമാനിച്ച്, അനുസരിച്ച്, ആരാധിച്ച് ജീവിക്കുവാനായി നാം ആളുകളെ പഠിപ്പിക്കണം. അങ്ങനെ ഈ ലോകത്തിലെ ശോചനീയാവസ്ഥക്കു ഭംഗം വരുത്താം. സത്യ ക്രിസ്ത്യാനിയായി തീർന്ന ഓരോരുത്തർക്കും അവന്റെ പങ്കു വഹിക്കാനുണ്ട്. അതു മറക്കാതിരിക്കുക (യെഹസ്കേൽ 3:13).

✶

# യേശു വെള്ളം വീഞ്ഞാക്കി മാറ്റിയോ?

## ഗ്ലെൻ കോളെ

മദ്യലഹരിയിൽ ആസ്വദിച്ചു കുടിക്കുന്നവർ ചിലർ അവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ടെന്നു വാദിക്കാറുണ്ട്. അതിനു ഈ വേദഭാഗം

അവർ എടുത്തു കാണിക്കാറുണ്ട് (യോഹന്നാൻ 2:1–11). സന്ദർഭമോ സംഭവമോ യാഥാർത്ഥ്യ ബോധത്തോടെ ഗ്രഹിക്കാത്തവരും തങ്ങളുടെ തെറ്റിനെ ന്യായീകരിക്കുന്നവരുമാണ് അങ്ങനെ ചെയ്യുന്നത്. ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതു, ഭൂമിയിൽ വെച്ച് യേശു ചെയ്ത ആദ്യത്തെ അത്ഭുതമായിട്ടാണ്. വെള്ളം വീഞ്ഞാക്കി മാറ്റി ഗലീലയിലെ കാനാവിൽ ഒരു വീട്ടിലെ കല്യാണ വിരുന്നിൽ വീഞ്ഞ് തികയാതെ വന്നപ്പോൾ അവൻ അവർക്കുവേണ്ടി ചെയ്തതാണിത്. സാമൂഹ്യമായ ആവശ്യങ്ങൾക്കു മദ്യം ആകാം എന്ന വാദഗതി ഇതിൽ നിന്നും ആളുകൾ നടത്താറുണ്ട്. യേശു ചെയ്ത പ്രവർത്തികൾ, അത്ഭുതങ്ങൾ എന്നിവ പ്രത്യേകമായ ഉദ്ദേശത്തോടുകൂടെയായിരുന്നു. ഇവിടെയും അവൻ ചെയ്ത ഈ അത്ഭുതം, തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു.

മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്ല്യാണം ഉണ്ടായി; യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരെയും കല്ല്യാണത്തിനു ക്ഷണിച്ചിരുന്നു. വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോടു: അവർക്കു വീഞ്ഞു ഇല്ല എന്നു പറഞ്ഞു. യേശു അവളോടു: സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു. അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ എന്നു പറഞ്ഞു. അവിടെ യെഹൂദന്മാരുടെ ശുദ്ധീകരണ നിയമം അനുസരിച്ചു രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറു കല്പാത്രം ഉണ്ടായിരുന്നു. യേശു അവരോടു ഈ പാത്രങ്ങളിൽ വെള്ളം നിറെപ്പിൻ എന്നു പറഞ്ഞു: അവർ വക്കോളം നിറെച്ചു. ഇപ്പോൾ കോരി വിരുന്നു വാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്നു അവൻ പറഞ്ഞു: അവർ കൊണ്ടുപോയി കൊടുത്തു. അതു എവിടെ നിന്നു എന്നു വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നു വാഴി അറിഞ്ഞില്ല. വീഞ്ഞായി തീർന്ന വെള്ളം വിരുന്നുവാഴി രുചിച്ചു നോക്കിയാറെ മണവാളനെ വിളിച്ചു; എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ചശേഷം ഇളപ്പമായതും കൊടുക്കുമാറുണ്ട്. നീ നല്ല വീഞ്ഞു ഇതുവരെയും സൂക്ഷിച്ചു വെച്ചുവല്ലോ എന്നു പറഞ്ഞു. യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ചു ചെയ്തു തന്റെ മഹത്വം

വെളിപ്പെടുത്തി (യോഹന്നാൻ 2:1-11).

യേശു വെള്ളം വീഞ്ഞാക്കി മാറ്റി എന്നതു പരമാർത്ഥമാണ്. വീഞ്ഞ് എന്നു പറയുന്നതു മദ്യമല്ല എന്നു നമുക്കറിയാം. എന്നാൽ അതു അധികം കഴിച്ചാൽ ലഹരി പിടിക്കും. പക്ഷെ യേശു ഉണ്ടാക്കിയതു മത്തു പിടിക്കുന്ന മദ്യമായിരുന്നില്ല. യേശു അതു ചെയ്ത ഉദ്ദേശം വ്യക്തമാണ്. അതിന്റെ ഗുണ നിലവാരവും ഏറ്റവും ഉയർന്നതായിരുന്നു.

ഇതു മനസ്സിൽ വെച്ചുകൊണ്ടു പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ള പദ പ്രയോഗവും അതിന്റെ അർത്ഥവും പരിശോധിക്കാം. മൂല ഭാഷയിൽ ഈ പദത്തിനു ഉപയോഗിച്ച വാക്ക് 'ഓയിനോസ്' എന്നത്രെ; വീഞ്ഞെന്നു കേൾക്കുമ്പോഴേക്കും അതു ലഹരി പദാർത്ഥമെന്നു വിധിച്ചു കളയരുത്. ബൈബിളിൽ ലഹരിയുള്ളതും ഇല്ലാത്തതുമായ രീതിയിൽ വീഞ്ഞ് എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. സന്ദർഭം അനുസരിച്ച് അർത്ഥം വെളിവാക്കുന്നു. പഴയ നിയമത്തിൽ ഉപയോഗിച്ചിരുന്ന ചില അവസരങ്ങളിലെ വീഞ്ഞ്, മുന്തിരിച്ചാർ മാത്രമായിരുന്നു. എബ്രായ പദമായ "ടൈറോവ്ഷ്" ആണ് വീഞ്ഞിനു ഉപയോഗിച്ചിരുന്നത്. ഉദാഹരണമായി സദൃശവാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക. അങ്ങനെ നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും. നിന്റെ ചക്കുകളിൽ വീഞ്ഞു കവിഞ്ഞൊഴുകും (സദൃശവാക്യങ്ങൾ). യെശയ്യാവിന്റെ പുസ്തകത്തിലും ഇതേ ഉപയോഗം കാണാം. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. മുന്തിരിക്കുലയിൽ പുതുവീഞ്ഞു കണ്ടിട്ടു; നശിപ്പിക്കരുത്. ഒരനുഗ്രഹം അതിൽ ഉണ്ടെന്നു പറയുന്നതുപോലെ ഞാൻ എന്റെ ദാസന്മാർ നിമിത്തം പ്രവർത്തിക്കും (യെശയ്യാവ് 65:8).

ഇനി, യേശു ഉണ്ടാക്കിയ വീഞ്ഞിനു ലഹരിയുണ്ടായിരുന്നെങ്കിൽ ആറു കല്പാത്രങ്ങൾ നിറയ്ക്കേണ്ട ആവശ്യം ഉദിക്കുന്നില്ല. ലഹരി പിടിപ്പിക്കത്തക്ക വീഞ്ഞ് ഒരിക്കലും യേശു അവർക്കു നല്കുകയില്ല. കാരണം വചനമായ ക്രിസ്തു വചനത്തിൽ തന്നെ നിഷേധിച്ചിരിക്കുന്ന ഒന്നാണ് മദ്യം. മദ്യപാനി ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു വചനത്തിൽ മുന്നറിയിച്ചിട്ടുണ്ട്. വളരെ നല്ലൊരു വിരുന്നായിരുന്നു. ആ വിരുന്നിൽ ആളുകൾ ലഹരി പിടിക്കുവാൻ ഒരിക്കലും ദൈവം ആഗ്രഹിക്കുകയില്ല. ആകയാൽ യേശു അതു

തകരമായി ഉണ്ടാക്കിയ വീഞ്ഞ് നല്ല ഗുണമുള്ള സാധാരണ വീഞ്ഞായിരുന്നു.

ഇന്നത്തെ സാമൂഹ്യ മദ്യപാനത്തെ ഒരിക്കലും നീതീകരിക്കാവുന്നതല്ല. യേശുക്രിസ്തു വെള്ളം വീഞ്ഞാക്കി എന്നതിന്റെ പേരിൽ മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതു കുറ്റകരമാണ്.

ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ച യേശു ന്യായപ്രമാണ കല്പനകളിൽ ഒന്നുപോലും വീഴ്ച്ച വരുത്തിയിരുന്നില്ല. അവൻ പാപമില്ലാതെയാണ് ജീവിച്ചത്. വീഞ്ഞു കുടിച്ചു മത്തരാകരുത് എന്നു പഴയ നിയമത്തിലും അരുളിച്ചെയ്തിട്ടുണ്ട്. ശലോമോൻ തന്റെ വിവരണത്തിലും മദ്യത്തിന്റെ ദൂഷ്യവശങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട്. മദ്യം മനുഷ്യന്റെ ചിന്തയെയും വിവേചന ശക്തിയെയും പ്രതികൂലമാക്കി തീർക്കും. ശരീരത്തെയും മനസിനെയും ആത്മാവിനെയും സാരമായി ബാധിക്കുന്ന ഒന്നാണ് മദ്യലഹരി. വീഞ്ഞു ചുവന്നിരിക്കുന്നതും അതു രസമായി ഇരിക്കുന്നതും നോക്കരുത്. കാരണം അതു ഒടുവിൽ സർപ്പം പോലെ കടിക്കും.

അല്പം കുടിക്കുന്നതു നല്ലതാണ്. അധികമായാൽ ഏതൊരു ഭക്ഷണമായാലും പാനീയമായാലും അതു നമുക്കു ദോഷമായി തീരും എന്നതിൽ തർക്കമില്ല. പാപത്തിലേക്കു മറ്റുള്ളവരെ നയിക്കുന്നവർ അനേകരുണ്ട്. അങ്ങനെ പ്രലോഭനം നടത്തുന്നവരെ പറ്റി അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞതു ഇടർച്ചകൾ വരാതിരിക്കുന്നതു അസാദ്ധ്യം; എങ്കിലും അവ വരുത്തുന്നവന്നു അയ്യോ കഷ്ടം. അവൻ ഈ ചെറിയവരിൽ ഒരുത്തനു ഇടർച്ച വരുത്തുന്നതിനേക്കാൾ ഒരു തിരിക്കല്ലു അവന്റെ കഴുത്തിൽ കെട്ടി അവനെ കടലിൽ എറിഞ്ഞു കളയുന്നതു അവനു നന്നു. നാം മനസ്സിലാക്കേണ്ട കാര്യം നാം ചെയ്യുന്ന പ്രവൃത്തി നമുക്കും മറ്റുള്ളവർക്കും ദോഷമായി തീരരുത്; നന്മയായിരിക്കണം ഫലമായി വരേണ്ടത്. അതുകൊണ്ടു മദ്യപിക്കുന്നതു പാപമാണെന്നും യേശു ഒരിക്കലും മദ്യത്തെ പ്രോത്സാഹിപ്പിച്ചിട്ടില്ലെന്നും തിരിച്ചറിഞ്ഞു മനസു പുതുക്കി രൂപാന്തരപ്പെടുക. നിത്യരക്ഷക്കായി കർത്താവു കല്പിച്ച കല്പനകളെ അനുസരിച്ചു മരണത്തോളം വിശ്വസ്തമായി ജീവിക്കുക.

# വാർത്തകൾ

## ഭീകരാക്രമണം

ക്രിക്കറ്റ് ലോകത്തെയും ലോക മനസ്സാക്ഷിയെയും ഞെട്ടിച്ച് ഭീകരവാദികൾ ശ്രീലങ്കൻ ക്രിക്കറ്റ് ടീമിനു നേരെ പാക്കിസ്ഥാൻ മണ്ണിൽ നടത്തിയ ആക്രമണത്തിൽ, ക്യാപ്റ്റൻ മഹേള ജയവർധനെയടക്കം അഞ്ചു കളിക്കാർക്കും അസിസ്റ്റന്റ് കോച്ചിനും പരുക്കേറ്റു. ആറു പോലീസുകാരും അംപയർമാർ സഞ്ചരിച്ചിരുന്ന മിനി ബസിന്റെ ഡ്രൈവറും ഉൾപ്പെടെ എട്ടുപേർ കൊല്ലപ്പെട്ടു.

*

## ബസിൽ യുവതിയെ ശല്യം ചെയ്തു; എതിർത്തപ്പോൾ തലയ്ക്കടിച്ചു

ബസിൽ ശല്യം ചെയ്തതിനെതിരെ എതിർത്ത യാത്രക്കാരിയെ യുവാവ് തലക്കടിച്ചു പരുക്കേൽപ്പിച്ചു.

ഗുരുതല പരുക്കേറ്റ യാത്രക്കാരി ആശുപത്രിയിൽ ചികിൽസയിൽ.

രക്ഷപ്പെടാൻ ശ്രമിച്ച യുവാവിനെ സഹയാത്രക്കാരും നാട്ടുകാരും ചേർന്ന് പിടികൂടി പോലീസിലേൽപ്പിച്ചു.

*

## ഊർജ്ജ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളെ തരംതിരിക്കാൻ പദ്ധതി

വാണിജ്യ കെട്ടിടങ്ങളിലെ ഊർജ വിനിയോഗം കുറയ്ക്കുന്നതിന് ബ്യൂറോ ഓഫ് എനർജി പദ്ധതി ആവിഷ്ക്കരിച്ചു. ഊർജ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളെ തരം തിരിച്ച് സ്റ്റാർ പദവി നൽകുകയാണ് പരിപാടി. ഒന്നു മുതൽ അഞ്ചു വരെ സ്റ്റാർ നൽകും.

*

## കാട്ടുതീ തടയുന്നതിനു ബോധവൽക്കരണം ശക്തമാക്കും

കാട്ടുതീ തടയുന്നതിനാവശ്യമായ ബോധവൽക്കരണം ശക്തമാക്കാൻ കാട്ടുതീ ജാഗ്രതാ പക്ഷാചരണത്തിന്റെ ഭാഗമായി വനം വകുപ്പു വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനമായി. സന്നദ്ധ സംഘടനകളെ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി തയാറെടുപ്പുകൾ ശക്തമാക്കും. വനപ്രദേശങ്ങൾക്കു സമീപങ്ങളിലുള്ള ഗ്രാമങ്ങളിൽ ഇതിന്റെ ഭാഗമായി ബോധവൽക്കരണയോഗങ്ങൾ വിളിച്ചുചേർക്കാനും തീരുമാനിച്ചു. ഫോറസ്റ്റ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ടി.എം. മനോഹരൻ, അഡീ. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ വി.കെ. സിൻഹ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

✱

## സംവരണക്കേസ് വിധിപറയാൻ മാറ്റി

പിഎസ്സി നിയമനങ്ങളിൽ മൊത്തം ഒഴിവുകളെയും ഒരു യൂണിറ്റായി കണക്കാക്കണമെന്ന കേരള ഹൈക്കോടതി ഉത്തരവ് ചോദ്യം ചെയ്ത് നായർ സർവീസ് സൊസൈറ്റിയും സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷനും നൽകിയ ഹർജികളിൽ സുപ്രീം കോടതിയിൽ വാദം പൂർത്തിയായി. ജഡ്ജിമാരായ ആർ.വി. രവീന്ദ്രൻ, മാർക്കണ്ഡേയ കട്ജു എന്നിവരുടെ ബെഞ്ച് കേസ് വിധി പറയുന്നതിനായി മാറ്റിവെച്ചു.

✱

## സ്ലംഡോഗ് ബാലതാരത്തിന്റെ കുടിൽ നഗരസഭ പൊളിച്ചു

ഓസ്കർ നേടിയ ചിത്രം 'സ്ലംഡോഗ് മില്യനയറി' ലെ ബാലനടൻ അസ്ഹറുദ്ദീന്റെ കുടിൽ മുംബൈ നഗരസഭാ അധികൃ

തർ പൊളിച്ചു മാറ്റി. അനധികൃത കെട്ടിടങ്ങൾ പൊളിക്കണമെന്ന ഹൈക്കോടതി ഉത്തരവിനെത്തുടർന്നാണു നടപടി.

✱

## പരീക്ഷാഭീതി: ടെലിഫോൺ കൗൺസലിങ്

കേരള സർവ്വകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിലെ സ്റ്റുഡന്റ്സ് കൗൺസലിങ് സെൽ, എസ്എസ്എൽസി/പ്ലസ് ടു വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും സ്പെഷൽ ടെലിഫോൺ കൗൺസലിങ് ആരംഭിച്ചു. പരീക്ഷാ സംബന്ധമായ ഉത്കണ്ഠ, പരീക്ഷാഭീതി ഒഴിവാക്കൽ തുടങ്ങിയ വൈകാരിക മാനസിക പ്രശ്നങ്ങൾക്കു കൗൺസലിങ് സെന്ററിന്റെ സേവനം ലഭിക്കും. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ വൈകിട്ട് നാലുവരെ സൗജന്യസേവനത്തിനു 0471- 2302524 എന്ന നമ്പറിൽ വിളിക്കണം.

✱

## സ്വകാര്യമേഖല നഴ്സിങ്: ബോണ്ട് വ്യവസ്ഥ പിൻവലിച്ചു

ജനറൽ നഴ്സിങ് കോഴ്സിന്റെ സിലബസിലോ ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെ നിർദേശങ്ങളിലോ ഇല്ലാത്ത ബോണ്ട് വ്യവസ്ഥ പിൻവലിക്കാൻ കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ തീരുമാനിച്ചു. പഠനവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും സ്റ്റൈപൻഡും നൽകുന്നതുകൊണ്ട് സർക്കാർ നഴ്സിങ് സ്കൂളുകളിൽ നിന്ന് പഠനം പൂർത്തിയാക്കുന്നവർ സർക്കാർ ആശുപത്രികളിൽ ആവശ്യപ്പെട്ടാൽ മൂന്നു വർഷം ജോലി ചെയ്യണമെന്നു വ്യവസ്ഥയുണ്ട്. അതു തന്നെ സ്റ്റാഫ് നഴ്സിന്റെ പൂർണ ശമ്പളം നൽകിയാണു നിയമിക്കുന്നത്.

✱

കാണുക!

# സത്യനാദം

ബ്രദർ.പി.കെ
വർഗ്ഗീസ്
പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും
രാവിലെ 6 മണിക്ക്
ജയ്ഹിന്ദ് ടിവിയിൽ
കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| Hindi | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| Malayalam | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, Church of christ Thampuranmukku, Trivandrum-35 |
| Tamil | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| Telugu | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

## CHURCHES OF CHRIST

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 March**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth
Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378